**GOVERNMENT OF KERALA**

**Abstract**

Government Law Officers in the District Courts and Subordinate Courts- Revision of monthly remuneration- Orders Issued.

**LAW (INSPECTION-B) DEPARTMENT**

G.O.(Ms)No.68/2025/LAW Dated,Thiruvananthapuram, 14-08-2025

Read: 1. G.O. (Ms). No.71/19/Law dated 06/09/2019.

2. Letter No. SS-GK 2/2021/AG dated 05.05.2023 of the Advocate General, Kerala.
3. Letter No. SS-GK 2/2021/AG dated 14.02.2025 of the Advocate General, Kerala.
4. G.O. (Ms). No.12/2025/LAW dated 04.02.2025.
5. G.O. (P) No. 11/78/Law dated 25/01/1978.

**ORDER**

The monthly remuneration of Government Law Officers in the District Courts and Subordinate Courts was lastly revised vide Order read as 1st paper above. The Advocate General vide letters read as 2nd and 3rd paper above requested to enhance their existing rate of remuneration with effect from 01.01.2022 in line with the revision of monthly remuneration of Government Law Officers in the High Court of Kerala made vide G.O. read as 4th paper above.

Government have examined the matter in detail and are pleased to revise the monthly remuneration of the Government Law Officers in the District Courts and Subordinate Courts with effect from 01.01.2022 at the

following rates.

| Sl. No | Designation | Existing Monthly Remuneration | Revised Monthly Remuneration |
|---|---|---|---|
| 1 | District Government Pleader and Public Prosecutor | 87,500/- | 1,10,000/- |
| 2 | Additional Government Pleader and Additional Public Prosecutor | 75,000/- | 95,000/- |
| 3 | Pleader to do Government work | 20,000/- | 25,000/- |

Necessary amendments to the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 will be issued separately.

(By order of the Governor)

K G SANAL KUMAR

LAW SECRETARY

To

1. The Advocate General, Kerala, Ernakulam.
2. The Registrar General, High Court of Kerala, Ernakulam (with covering letter).
3. All District Collectors.
4. All District Government Pleaders and Public Prosecutors.
5. The Accountant General (A&E)/ Audit, Kerala, Thiruvananthapuram.
6. The Finance Department (U.O.(F).No. (E.2483538):EXP-A4/317/2023-FIN dated 15/07/2025).
7. The GAD (SC) Department vide decision of Council of Ministers as item No. 3185 dated 13.08.2025.
8. The P.S to Hon'ble Chief Minister.
9. The P.S. to the Hon'ble Minister for Law, Industries and Coir.
10. The Director of Information and Public Relations, Thiruvananthapuram.
11. The Law(Monitoring Cell) Department.

12. The Law (Nodal) Department.
13. The P.A. to Law Secretary.
14. The C.A. to Additional Secretary, Law (Inspection-B) Department.
15. Stock File/ Office Copy.

Forwarded/ By order

Signed by
Sajjad S
Section Officer.
Date: 14-08-2025 17:01:31

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-08-2025

ഫയൽ നം. 74/ഇൻസ്.ബി.1/2023/നിയമം. ഇനം നം: 3185

വിഷയം : നിയമ വകുപ്പ് - ജില്ലാ കോടതികളിലേയും സബോർഡിനേറ്റ് കോടതികളിലേയും സർക്കാർ അഭിഭാഷകരായ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

3185

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.74/ഇൻസ്.ബി.1/2023/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | ജില്ലാ കോടതികളിലേയും സബോർഡിനേറ്റ് കോടതികളിലേയും സർക്കാർ അഭിഭാഷകരായ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/08/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ, ധനകാര്യവകുപ്പ മായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>അതെ |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/08/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/08/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/08/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/08/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ജില്ലാ കോടതികളിലേയും സബോർഡിനേറ്റ് കോടതികളിലേയും സർക്കാർ അഭിഭാഷകരായ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2 . നിലവിൽ, ജില്ലാ കോടതികളിലേയും സബോർഡിനേറ്റ് കോടതികളിലേയും സർക്കാർ അഭിഭാഷകരുടെ പ്രതിമാസ വേതനം 06.09.2019 -ലെ സ.ഉ.(കൈ)നം.71/2019/നിയമം നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം ചുവടെ ചേർക്കുംപ്രകാരം പരിഷ്കരിക്കണമെന്ന് 05.05.2023 തീയതിയിലെ SS-GK-2/2021/ A G നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിരുന്നു.

| തസ്തിക | നിലവിലെ പ്രതിമാസ വേതനം | ശിപാർശ ചെയ്ത പ്രതിമാസ വേതനം |
|---|---|---|
| ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ | 87,500/- | 1,40,000/- |
| അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ | 75,000/- | 1,20,000/- |
| പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് | 20,000/- | 40,000/- |

3. അഡ്വക്കേറ്റ് ജനറലിന്റെ മേൽപ്പറഞ്ഞ ശിപാർശ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുള്ളതാണ്. കൂടാതെ, പോക്സോ കോടതികളിലും എസ്.സി/എസ്.ടി കോടതികളിലും മറ്റ് എല്ലാ സ്പെഷ്യൽ കോടതികളിലെയും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിമാസ വേതനം 1,30,000/- രൂപയായി 01.01.2023 തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിക്കണമെന്നുള്ള അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഭരണവകുപ്പായ ആഭ്യന്തര വകുപ്പിന് 24-06-2023-ൽ നൽകിയിട്ടുള്ളതാണ്.

4. 04.02.2025 തീയതിയിലെ സ.ഉ.(കൈ) നം.12/2025/നിയമം നമ്പർ ഉത്തരവുപ്രകാരം

ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, സീനിയർ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിമാസ വേതനം 01.01.2022 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ചതിനാൽ, ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം 01.01.2022 തീയതി പ്രാബല്യം നൽകി പരിഷ്കരിക്കണമെന്ന് 14.02.2025 തീയതിയിലെ കത്തുപ്രകാരം അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരുന്നു. ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുള്ളതാണ്.

5 . തുടർന്ന്, 15.07.2025 തീയതിയിലെ U.O.(f)E.2483538) : EXP-A4/317/2023-FIN പ്രകാരം ധനകാര്യവകുപ്പ് താഴെ പറയുന്ന അഭിപ്രായം നൽകിയിട്ടുള്ളതാണ്, അതായത്:-

"01.01.2022 തീയതി പ്രാബല്യത്തിൽ ജില്ലാ ജുഡിഷ്യറി അഭിഭാഷകരുടെ വേതനം ചുവടെപ്പറയും പ്രകാരം പരിഷ്കരിക്കുന്നതിനു അനുമതി നൽകുന്നു.

District Govt. Pleader and Public Prosecutor - Rs.1,10,000/-

Additional District Govt. Pleader & Additional Public Prosecutor - Rs.95,000/-

Advocate doing Govt. work - Rs.25,000/-

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം, ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം 01.01.2022 തീയതി പ്രാബല്യത്തിൽ യഥാക്രമം 87,500/- രൂപയിൽ നിന്നും 1,10,000/- രൂപയായും 75,000/- രൂപയിൽ നിന്നും 95,000/- രൂപയായും 20,000/- രൂപയിൽ നിന്നും 25,000/- രൂപയായും വർദ്ധിപ്പിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 04.08.2025 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

7 . ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ 14 തസ്തികകളും, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ 112 തസ്തികകളും, പ്ലീഡർ

ട്ട ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ 34 തസ്തികകളുമുണ്ട്. ശിപാർശ ചെയ്ത പ്രകാരമുള്ള വേതന വർദ്ധനവ് അനുവദിച്ചാൽ താഴെപ്പറയുന്ന പ്രകാരമുള്ള വാർഷിക അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്, അതായത്:-

| ക്രമ നം. | തസ്തിക | നിലവിലെ പ്രതിമാസ വേതനം | ശിപാർശ ചെയ്ത പ്രതിമാസ വേതനം | വ്യത്യാസം | അംഗസംഖ്യ | ഒരു വർഷം ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത |
|---|---|---|---|---|---|---|
| 1. | ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ | Rs.87,500/- | Rs.1,10,000/- | Rs.22,500/- | 14 | Rs.37,80,000/- (Rs 22,500 x 14 x 12 മാസത്തേയ്ക്ക്) |
| 2. | അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ | Rs.75,000/- | Rs.95,000/- | Rs.20,000/- | 112 | Rs.2,68,80,000/- (Rs 20,000 x 112 x 12 മാസത്തേയ്ക്ക്) |
| 3. | പ്ലീഡർ ട്ട ഡു ഗവൺമെന്റ് വർക്ക് | Rs.20,000/- | Rs.25,000/- | Rs.5,000/- | 34 | Rs.20,40,000/- (Rs 5000 x 34 x 12 മാസത്തേയ്ക്ക്) |
| | ആകെ | | | | | **Rs.3,27,00,000/- (മൂന്ന് കോടി ഇരുപത്തി ഏഴ് ലക്ഷം രൂപ മാത്രം)** |

## തീരുമാനിക്കേണ്ട സംഗതി

ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം, ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, പ്ലീഡർ ട്ട ഡു ഗവൺമെന്റ് വർക്ക് എന്നിവരുടെ പ്രതിമാസ വേതനം 01.01.2022 തീയതി പ്രാബല്യത്തിൽ

യഥാക്രമം 87,500/- രൂപയിൽ നിന്നും 1,10,000/- രൂപയായും 75,000/- രൂപയിൽ നിന്നും 95,000/- രൂപയായും 20,000/- രൂപയിൽ നിന്നും 25,000/- രൂപയായും വർദ്ധിപ്പിക്കാവുന്നതാണോ?